"ഭരണഭാഷ- മാതൃഭാഷ"

<u>പതിനാലാം കേരള നിയമസഭ</u>

<u>പത്തൊമ്പതാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 232 — 12.03.2020 ൽ മറുപടിയ്ക്ക്

<u>വന്യജീവി ആക്രമണം തടയുവാൻ പദ്ധതി</u>

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ<br>,, സണ്ണി ജോസഫ്<br>,, കെ.സി.ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ : | | മറുപടി<br>അഡ്വ. കെ.രാജു<br>വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കാട്ടുകളിലെ ആവാസ വ്യവസ്ഥക്ക് ഉണ്ടായ മാറ്റം മൂലം വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുകയും ജനങ്ങളെ ആക്രമിക്കുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നുണ്ടോ; | (എ) യും (ബി) യും | ഉണ്ട്.<br>വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് താഴെപ്പറയുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്:-<br>1.വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ്, കല്ലുകെട്ടിയ കിടങ്ങുകൾ (Stone Pitched Trenches), ജൈവവേലി, കയ്യാല എന്നിവയുടെ നിർമ്മാണം;<br>2.വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ;<br>3.പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം; |
| (ബി) | ഇത് നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഇവ ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; | | |

| | | | |
|---|---|---|---|
| | | | 4.സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ;<br>5.പ്രശ്നബാധിതമേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ;<br>6.വന്യജീവികളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ;<br>7.വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ;<br>8.വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജല സംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ;<br>9.മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ. |
| | | | |

| | | | |
|---|---|---|---|
| (സി) | വയനാട് ജില്ലയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ആരുടെ ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; | (സി) | വയനാട് ജില്ലയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് പദ്ധതി പ്രാവർത്തികമാക്കുന്നതിനായി സൗത്ത് വയനാട് / നോർത്ത് വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ എന്നീ ഡിവിഷനുകളിലായി യഥാക്രമം 26.50 കി.മീ. 6 കി.മീ., 11 കി.മീ എന്നിങ്ങനെ കിഫ്ബിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | കിഫ്ബിയുടെ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ആന പ്രതിരോധ മതിൽ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; പദ്ധതിക്ക് ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | കിഫ്ബിയുടെ ഒന്നാം ഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ ഉൾപ്പെടുന്ന വയനാട് വൈൽഡ് ലൈഫ് ഡിവിഷനു കീഴിൽ 0.41 കി.മീ. നീളത്തിൽ ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 0.19 കി.മീ. ദൂരം പ്രസ്തുത പദ്ധതി പൂർത്തിയാക്കി 33,29,969.42 രൂപയുടെ ബിൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ദൂരത്തിലേക്കുള്ള മതിൽ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ